**1145**

വന്നിടുക യേശു പാദേ തന്നിടും താൻ നിത്യജീവൻ

1 ഏകമോക്ഷവാതിൽ ലോകരക്ഷകനേശുവത്രേ
വഴിയും സത്യവും ജീവനുമവനേ വരുമോ നീയിന്നവൻ ചാരേ?-

2 പുല്ലിൻ പൂക്കൾ പോലെയല്ലോ നിന്നുടെ ജീവിതമേ
വാടിക്കൊഴിയും മരണം വരുമ്പോൾ നേടിയതെല്ലാം ആർക്കാകും?-

3 ലോകം ഒടുവിൽ നിന്നെ ശോകക്കടലിൽ തള്ളിടുമേ
ജീവിത നൗകയിലവന്നിടമേകി പോവുക ജീവവഴിയിൽ നീ-

4 ഇത്ര വലിയ രക്ഷ ഇന്നു ത്യജിച്ചു പോകുകയോ?
ഇനിയും സമയം ലഭിച്ചിടുമെന്നോ? ഇതു നിൻ രക്ഷാ ദിനമല്ലോ-
**C.J.**